ഉത്തരം

(എ) അനുബന്ധമായി ചേർക്കുന്നു.*

(ബി) 14-7-2015-ൽ ഭരണാനുമതി നൽകി. എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി നൽകിയ ശേഷമാണ് ടെണ്ടർ നടപടി സ്വീകരിക്കുന്നത്. ഈ നടപടി പൂർത്തീകരിക്കുന്നതിനാണ് കാലതാമസം ഉണ്ടായത്.

(സി) അന്വേഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) നടപടി സ്വീകരിച്ചുവരുന്നു.

പെരിങ്ങോം ഗവൺമെന്റ് കോളേജിന് കെട്ടിടം

295(3182) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിൽ അനുവദിച്ച പെരിങ്ങോം ഗവൺമെൻറ് കോളേജിന് കെട്ടിടം നിർമ്മിക്കുന്നതിന് ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 3 കോടി രൂപയുടെ ഭരണാനുമതി ലഭിച്ച് 7 മാസമായിട്ടും സാങ്കേതിക അനുമതി ലഭിക്കാത്തതിൻെറ കാരണം വിശദമാക്കുമോ ;

(ബി) സാങ്കേതിക അനുമതി നൽകി ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് കെട്ടിടം പ്രവൃത്തി എപ്പോൾ ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) പയ്യന്നൂർ മണ്ഡലത്തിൽ അനുവദിച്ച പെരിങ്ങോം ഗവൺമെന്റ് കോളേജ് കെട്ടിടത്തിന്റെ റിവൈസ്ഡ് ആർക്കിടെക്ച്ചർ ഡ്രോയിംഗ് തയ്യാറാക്കി നൽകുന്നതിനായി ചീഫ് ആർക്കിടെക്ടിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ലഭ്യമാകുന്നമുറയ്ക്ക് സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

റോഡുകളുടെ വികസനത്തിനും നിർമ്മാണത്തിനുമുള്ള കേന്ദ്ര സഹായം

296(3183) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന റോഡുകളുടെ വികസനത്തിനും നിർമ്മാണത്തിനുമായി കേന്ദ്ര ഗവൺമെൻറ് സഹായം ലഭിക്കാറുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ബി) സംസ്ഥാന റോഡുകളുടെ വികസനത്തിന് കേന്ദ്ര സഹായം ലഭിച്ചിട്ടുണ്ടെങ്കിൽ കഴിഞ്ഞ അഞ്ചുവർഷം ലഭിച്ച തുക വർഷം തിരിച്ച് വ്യക്തമാക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly